"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. അനിൽ രാമകൃഷ്ണൻ, സെക്ഷൻ ക്ലാർക്ക് ശ്രീ. എം. അബ്ദുൾ റസാക്ക്, ക്ലാർക്ക് ശ്രീ. സി.കെ. മധു എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2314/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/12/2020

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.10.2017-ലെ ഇ16(ക്യൂവി.15/2016/എസ്.സി.കെ.) 40815/2016 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 02.02.2018-ലെ ഡി2/239/2017/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 27.04.2018-ലെ 63/ഇപിബി3/2018/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. സി.കെ. മധു 07.06.2018-ലും, ശ്രീ. അനിൽ രാമകൃഷ്ണൻ 12.06.2018-ലും ശ്രീ. അബ്ദുൾ റസാക്ക് എം. 19.06.2018-ലും സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 19.01.2019-ലെ PAN/21242/2018-D11(DP) നമ്പർ കത്ത്

## ഉത്തരവ്

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള കേരള ഹൈഡൽ ടൂറിസം സെന്ററിൽ ലക്ഷങ്ങൾ ചെലവിട്ട് കെട്ടിടം മോടി പിടിപ്പിക്കുകയും ടെണ്ടറുകളിൽ തിരിമറി നടത്തിയതു വഴി സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായി എന്നുമുള്ള പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള കേരള ഹൈഡൽ ടൂറിസം സെന്ററിൽ കെട്ടിടം മോടി പിടിപ്പിച്ച് ഹോം സ്റ്റേ, റസ്റ്റോറന്റ്, കൊമേഴ്സ്യൽ സ്ഥാപനങ്ങൾ എന്നിവ നടത്തുകയുണ്ടായി എങ്കിലും യഥാസമയം പഞ്ചായത്ത് കെട്ടിടത്തിന്റെ തരം മാറ്റുന്നതിലും, പ്രൊഫഷൻ ടാക്സ്, കെട്ടിട നികുതി, ഡി&ഒ ലൈസൻസ് ഫീ എന്നിവ പിരിച്ചെടുക്കുന്നതിലും വീഴ്ച വരുത്തി പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കിയതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തുകയും പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അനിൽ രാമകൃഷ്ണൻ, സെക്ഷൻ ക്ലാർക്ക് ശ്രീ. എം. അബ്ദുൾ റസാക്ക്, ക്ലാർക്ക് ശ്രീ. സി.കെ. മധു, എന്നിവർക്കെതിരെ വകുപ്പുതല നടപടിയ്ക്ക് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പരാമർശം (3) പ്രകാരം ലഘു ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. അനിൽ രാമകൃഷ്ണൻ, ശ്രീ. എം. അബ്ദുൾ റസാക്ക്, ശ്രീ. സി.കെ. മധു എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. അനിൽ രാമകൃഷ്ണൻ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ചുമതലയെടുത്ത് 04.08.2015 തീയതിയിലാണെന്നും 09.11.2016-ലെ 25/16 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ചുമതലയുള്ള വാർഡുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യണമെന്ന് വാർഡ് ക്ലാർക്കുമാർക്കു നിർദ്ദേശം നൽകിയതായി കണ്ടെത്തിയിട്ടുണ്ടെന്നും അനധികൃതമായി ഹോട്ടൽ നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ട സമയത്ത് ഹോട്ടൽ അടച്ചു പൂട്ടുന്നതിനു പടിഞ്ഞാറത്തറ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം

നൽകിയതായും, ടി ഹോട്ടൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ തരം മാറ്റുന്നതിന് അപേക്ഷ ലഭിച്ച പ്രകാരം അന്വേഷണം നടത്തി മുൻകാല പ്രാബല്യത്തോടെ കെട്ടിട നികുതി ഈടാക്കുകയും 2016-17 സാമ്പത്തിക വർഷം മുതൽ ടി സ്ഥാപനത്തിന്റെ ലൈസൻസ് ഫീ, വ്യാപാര-തൊഴിൽ നികുതി എന്നിവ ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്ലാർക്കായിരുന്ന ശ്രീ. അബ്ദുൾ റസാക്കിന് ചുമതലമുണ്ടായിരുന്ന 15-ആം വാർഡിൽ കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ അനധികൃതമായി ഹോട്ടൽ നടത്തുന്നു എന്ന് അറിവായതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്കും, ഹോട്ടൽ നടത്തിപ്പുകാരൻ ശ്രീ. അബ്ബാസ് തുർക്കി എന്നവർക്കും നോട്ടീസ് നല്കിയിട്ടുണ്ടെന്നും ഹോട്ടൽ നടത്തുന്ന കെട്ടിടത്തിന്റെ നികുതി പുതുക്കുന്നതിനായി തരം മാറ്റുന്നതിനായി അപേക്ഷ ലഭിച്ചതുപ്രകാരം കെട്ടിടം വാണിജ്യാവശ്യത്തിലേക്ക് തരംമാറ്റുകയും 2015-16 സാമ്പത്തിക വർഷം മുതൽ വാണിജ്യാവശ്യ കെട്ടിടം എന്ന തരത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കിയിട്ടുള്ളതായും, 2016-17 സാമ്പത്തിക വർഷത്തിൽ എ2-12/17 തീയതി 03.01.2017 പ്രകാരം ശ്രീ. അബ്ബാസ് എന്നവർ ടി കെട്ടിടത്തിൽ റെസ്റ്റോറന്റ് നടത്താൻ ലൈസൻസിന് അപേക്ഷ സമർപ്പിച്ചതിൽ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും ശ്രീ. അബ്ദുൾ റസാക്ക് ഹൃദ്രോഗം നിമിത്ത സർജറി കഴിഞ്ഞു തുടർചികിത്സ ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. സി.കെ. മധു എന്നവർക്ക് 06.07.2015 ലെ എ 1-2960/15 നമ്പർ ഉത്തരവ് പ്രകാരം 15-ആം വാർഡ് ഉൾപ്പെടെ 6 വാർഡുകളിലെ ചുമതലയും 18.12.2015-ലെ എ 1-387/15 നമ്പർ ഉത്തരവ് പ്രകാരം ടിയാന് 4 വാർഡുകളിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ചുമതലയും നൽകിയതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2016-17 വർഷത്തിലാണ് ഹോട്ടൽ നടത്തുന്നതായ കെട്ടിടം തരം മാറ്റുന്നതിനും ലൈസൻസിനും അപേക്ഷ ലഭിച്ചതും തുടർന്ന് 2015-16 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ വാണിജ്യാവശ്യത്തിനുള്ള ഗണത്തിൽപ്പെടുത്തി കെട്ടിടനികുതി ഈടാക്കി ലൈസൻസ് അനുവദിച്ചു നല്കിയിട്ടുള്ളതായും, കൂടാതെ പ്രസ്തുത കാലയളവിൽ ശ്രീ.സി.കെ. മധു പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ ഇല്ലായിരുന്നു എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 06.07.2015-ലെ എ 1-2960/15 നമ്പർ ഉത്തരവ് പ്രകാരം തന്നിൽ ചുമതലപ്പെടുത്തിയ ഉത്തരവാദിത്തം പാലിക്കുന്നതിൽ ശ്രീ. സി.കെ. മധു വീഴ്ച വരുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിജിലൻസ് സമർപ്പിച്ച റിപ്പോർട്ടിൽത്തതന്നെ, മിന്നൽ പരിശോധനയ്ക്കു ശേഷം പഞ്ചായത്ത് കൃത്യമായി പ്രവർത്തിക്കുകയും കെട്ടിട നികുതിയിനത്തിലും മറ്റും പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ആയിരക്കണക്കിനു രൂപ വീഴ്ച വരുത്തിയവരിൽ നിന്നും ഈടാക്കുന്നതിനു നടപടി കൈക്കൊണ്ടിട്ടുണ്ട് എന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മിന്നൽ പരിശോധനയ്ക്കു മുമ്പായി പഞ്ചായത്ത് അധികൃതർ ഒരു നടപടിയും കൈക്കൊണ്ടിട്ടില്ലെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആയതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിക്കുന്നതിന് പ്രസ്തുത ഉദ്യോഗസ്ഥരുടെ ജാഗ്രതക്കുറവ് കാരണമായിട്ടുണ്ട്. സമയ ബന്ധിതമായി പ്രസ്തുത ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചിരുന്നെങ്കിൽ പഞ്ചായത്തിന് കെട്ടിട നികുതിയിനത്തിൽ ആയിരക്കണക്കിനു രൂപയുടെ അധിക വരുമാനം ഉണ്ടാകുമായിരുന്നു എന്ന കണ്ടെത്തൽ നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. അനിൽ രാമകൃഷ്ണൻ, സെക്ഷൻ ക്ലാർക്ക് ശ്രീ. എം. അബ്ദുൾ റസാക്ക്, ക്ലാർക്ക് ശ്രീ. സി.കെ. മധു എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

## File No.LSGD-EPB3/63/2018-LSGD

1. ശ്രീ. അനിൽ രാമകൃഷ്ണൻ, മുൻ സെക്രട്ടറി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. ശ്രീ. അബ്ദുൾ റസാക്ക് എം, മുൻ സെക്ഷൻ ക്ലാർക്ക്, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. ശ്രീ. സി.കെ. മധു, മുൻ ക്ലാർക്ക്, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ ( എ & ഇ ) /(ആഡിറ്റ് ) , കേരളം , തിരുവനന്തപുരം / തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
8. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
9. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി2/239/2017-വിജി. തീയതി 10.07.2019 പ്രകാരം)
10. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/63/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by SUDHEER S S
Date: 2020.12.16 14:31:11 IST
Reason: Approved

സെക്ഷൻ ഓഫീസർ